നം. CEE/3171/PGM-2015/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# ബിരുദാനന്തര ബിരുദ മെഡിക്കൽ(ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2015

1. കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്കും സ്വകാര്യ സ്വാശ്രയ/സഹകരണ മെഡിക്കൽ കോളേജുകളിലെ ലഭ്യമായ 50% സീറ്റുകളിലേയ്ക്കും 2015 വർഷത്തിലെ വിവിധ ബിരുദാനന്ത ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

**(i) വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതോ അല്ലെങ്കിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതും, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിലോ, സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്തതുമായ എം.ബി.ബി.എസ് ബിരുദം. **31.03.2015** നോ അതിന് മുമ്പോ സി.ആർ.ആർ.ഐ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കും പ്രവേശനത്തിനായി അപേക്ഷിക്കാവുന്നതാണ്. ഇവർ പ്രവേശനത്തിന് മുമ്പ് റ്റി.സി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നേടിയിരിക്കണം.

**(ii) നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ് ബിരുദം നേടിയ ഇന്ത്യൻ പൗരനായിരിക്കണം. കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ നിന്നും ബിരുദമെടുത്ത കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/പ്രത്യേക/വികലാംഗ സംവരണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

**(iii) വയസ്:** വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകരുടെ ഉയർന്ന പ്രായപരിധി **2015 ജനുവരി 01**-ന് ഇപ്രകാരമായിരിക്കും.

| | |
|---|---|
| ജനറൽ വിഭാഗം | : ഉയർന്ന പ്രായ പരിധി ഇല്ല. |
| സർവ്വീസ് വിഭാഗം | : സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെകടസ് ക്ലോസ് 4-3 പ്രകാരമായിരിക്കും. |

**(iv) പ്രവേശന പരീക്ഷ:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന 2015 വർഷത്തെ ബിരുദാനന്ത ബിരുദ മെഡിക്കൽ പ്രവേശനത്തിനുള്ള "പോസ്റ്റ് ഗ്രാഡ്വേറ്റ് മെഡിക്കൽ പ്രവേശന പരീക്ഷ–2015" എഴുതി യോഗ്യത നേടിയിരിക്കണം. പ്രവേശന പരീക്ഷ **2015 ഫെബ്രുവരി 8–ാം** തീയതി (ഞായറാഴ്ച) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് മാതൃകയിൽ 150 വിതം ചോദ്യങ്ങളുള്ള 2 പേപ്പറുകൾ ഉണ്ടായിരിക്കും.

**(v) യോഗ്യതാ മാനദണ്ഡം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന 2015 വർഷത്തെ ബിരുദാനന്ത ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ കുറഞ്ഞ യോഗ്യതയായ 50% മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.ടി, എസ്.ഇ.ബി.സി, സർവ്വീസ് വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കുറഞ്ഞത് 40% മാർക്ക് നേടിയാൽ മതിയാക്കും. കാലുകൾക്ക് 40% മുതൽ 70% വരെ ചലന വൈകല്യമുള്ളവർ കുറഞ്ഞത് 45% മാർക്ക് നേടിയിരക്കണം.

3. **പ്രവേശന രീതി:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന 2015 വർഷത്തെ ബിരുദാനന്ത ബിരുദ മെഡിക്കൽ പ്രവേശനത്തിനുള്ള "പോസ്റ്റ് ഗ്രാഡ്വേറ്റ് മെഡിക്കൽ പ്രവേശന പരീക്ഷ–2015" എഴുതി യോഗ്യത നേടിയിരിക്കണം. ജനറൽ വിഭാഗക്കാരുടെ സീറ്റു കളിലേയ്ക്ക് പ്രവേശനം നൽകുന്നത് അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റേയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റേയും അടിസ്ഥാനത്തിലായിരിക്കും. പോസ്റ്റ് ഗ്രാജുവേറ്റ് സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച ശേഷം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വീസ് വിഭാഗക്കാരെ തെരഞ്ഞെടുക്കുന്നതാണ്. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതും, പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷകരെ മാത്രമേ ബിരുദാനന്ത ബിരുദ മെഡിക്കൽ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

4. **അപേക്ഷാ സമർപ്പണവും, അപേക്ഷാ ഫീസും:**
സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **20.12.2014 മുതൽ 05.01.2015 വൈകുന്നേരം 3 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പ്രോസ്പെക്ടസ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ് ക്ലോസ് 8-ൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖകളിലൊന്നിൽ അപേക്ഷാഫീസ് അടയ്ക്കേണ്ടതുമാണ്. കേരളത്തിന് പുറത്ത് നിന്നുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാ ഫീസ് 1000/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ 500/- രൂപ). ജനറൽ ക്വോട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ 1000/- രൂപ അധികമായി അടയ്ക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാ ഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്നതല്ല.

5. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം നിർദ്ദിഷ്ട സ്ഥാനങ്ങളിൽ അപേക്ഷകർ തങ്ങളുടെ ഇടതു കൈവിരലടയാളവും പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ (അപേക്ഷയിൽ ഓൺലൈനായി സമർപ്പിച്ച ഫോട്ടോ) പതിച്ച് ഒരു സർക്കാർ ഗസറ്റഡ് ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയുടെ പ്രിന്റൗട്ടും പ്രോസ്പെക്ടസ്സ് ക്ലോസ് 8-5 ൽ പറഞ്ഞിട്ടുള്ള അനുബന്ധ രേഖകളും, ബാങ്ക് ചെലാൻ അഥവ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ **05.01.2014 (തിങ്കളാഴ്ച) വൈകുന്നേരം 5 മണിക്ക്** മുമ്പ് ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും, അപൂർണ്ണങ്ങളുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കില്ല.
സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്ന അപേക്ഷാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് ക്ലോസ് 8-5 യിൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണർക്കും അപേക്ഷയുടെ ഒരു പകർപ്പ് അവരുടെ കൺട്രോളിംഗ് ആഫീസർക്കും (DME/DHS/DIMS/DMS) നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷ എഴുതുന്നതിന് യോഗ്യത നേടിയ അപേക്ഷകരുടെ അഡ്മിറ്റ് കാർഡ് www.cee.kerala.gov.in എന്ന വെബ്റ്റൈിൽ നിന്നും നിശ്ചിത തീയതി മുതൽ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

8. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസ് ക്ലോസ് 11–ലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

9. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2015 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
20.12.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**